പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5001 — 24.07.2015 ൽ മറുപടിക്ക്

# എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്കിൽ ഡെവലപ്മെന്റ് കേന്ദ്രങ്ങളാക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ബാലൻ<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.ബാബു എം. പാലിശ്ശേരി<br>ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) നിലവിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്കിൽ ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കാൻ പദ്ധതി പ്രഖ്യാപിച്ചിരുന്നോ ; | (എ) പ്രഖ്യാപിച്ചിരുന്നു. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) 2012-13 സാമ്പത്തിക വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതി ആരംഭിച്ചു. എറണാകുളം, കോഴിക്കോട്, കൊല്ലം, കണ്ണൂർ, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആലപ്പുഴ, കോട്ടയം ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം മലപ്പുറത്തിനു പുറമെ കാസർഗോഡ്, തിരുവനന്തപുരം, തൃശ്ശൂർ എന്നിവയിൽ ഏതെങ്കിലും ഒരു ജില്ലയിൽ കൂടി എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) പദ്ധതി മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് പ്രയോജനം ലഭിച്ചെന്നും എത്ര പേർക്ക് തൊഴിൽ ലഭിച്ചെന്നും അറിയിക്കാമോ ; | (സി) പദ്ധതി മുഖേന നാളിതുവരെ 5 എംപ്ലോയബിലിറ്റി സെന്ററുകളിലായി 17962 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 12499 ഉദ്യോഗാർത്ഥികൾ അസ്സെസ്മെന്റിനും കൗൺസിലിംഗിനും വിധേയരാവുകയും 11333 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുമുണ്ട്. 9509 ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിൽ തൊഴിൽ |

| | | |
|---|---|---|
| | | ലഭിച്ചിട്ടുണ്ട്. ഇത് കൂടാതെ 2014-15 സാമ്പത്തിക വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും എംപ്ലോയബിലിറ്റി സെന്ററുകളും സംയുക്തമായി 'നിയുക്തി 2015' എന്ന പേരിൽ എറണാകുളം, നിലമ്പൂർ, കണ്ണൂർ, പാലക്കാട് , കൊല്ലം എന്നീ 5 സ്ഥലങ്ങളിൽ വെച്ച് മെഗാജോബ്ഫെയർ സംഘടിപ്പിച്ചു. പ്രസ്തുത മേളയിൽ 42821 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും 17875 പേർക്ക് സ്വകാര്യമേഖലയിൽ തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടപ്പാക്കുമെന്ന് 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച അധിക വൈദഗ്ധ്യ വർദ്ധന പദ്ധതി (എ.എസ്.ഇ.പി.) ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച അധിക വൈദഗ്ധ്യ വർദ്ധന പദ്ധതി (ASEP) യുടെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ ആക്കിമാറ്റിക്കൊണ്ട് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ